Prepp
Your Personal Exams Guide

Language Code : **09**

# FSC-26-I

मुख्य परीक्षा पुस्तिका संख्या / Main Test Booklet No.

इस पुस्तिका में **20** मुद्रित पृष्ठ हैं।
This booklet contains **20** Printed pages.

**प्रश्न-पत्र-I / PAPER-I**
**मलयालम भाषा परिशिष्ट**
**Malayalam Language Supplement**
**भाग-IV & V / PART-IV & V**

**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए।**
**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 19 व 20) पर दिए निर्देशों को ध्यान से पढ़ें।**
**Read carefully the Instructions on the Back Cover (Page 19 & 20) of this Test Booklet.**

मुख्य परीक्षा पुस्तिका कोड / Main Test Booklet Code

**E**

**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें। / FOR INSTRUCTIONS IN MALAYALAM SEE PAGE 2 OF THIS BOOKLET.**

## परीक्षार्थियों के लिए निर्देश

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो **या** तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं**।
2. परीक्षार्थी भाग I एवं भाग II **या** III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं। भाषा परिशिष्टों को आप अलग से माँग सकते हैं।
4. इस पृष्ठ पर विवरण अंकित करने एवं OMR उत्तर पत्र पर निशान लगाने के लिए **केवल काले/नीले बॉल पॉइंट पेन** का प्रयोग करें।
5. इस भाषा पुस्तिका का **संकेत** है **E**। यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, OMR उत्तर पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है। अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   भाग-IV : भाषा-I (मलयालम) (प्र. 91 से प्र. 120)
   भाग-V : भाषा-II (मलयालम) (प्र. 121 से प्र. 150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं। इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं। **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए। जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा-I (भाग-IV) में चुनी गई भाषा से भिन्न हो।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें। अपने उत्तर ध्यानपूर्वक अंकित करें। उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है।

## INSTRUCTIONS FOR CANDIDATES

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Part I and Part II **OR** III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Black/Blue Ball Point Pen only** for writing particulars on this page/ marking responses in the OMR Answer Sheet.
5. The CODE for this Language Booklet is **E**. Make sure that the CODE printed on **Side-2** of the OMR Answer Sheet and on your Main Test Booklet is the same as that on this Language Supplement Test Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :
   Part-IV : Language-I (Malayalam) (Q. 91 to Q. 120)
   Part-V : Language-II (Malayalam) (Q. 121 to Q. 150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a Language other than Malayalam, please ask for a Test Booklet that contains questions on that language. The language being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part-V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

परीक्षार्थी का नाम (बड़े अक्षरों में) : ____________________
Name of the Candidate (in Capitals) :

अनुक्रमांक : (अंकों में) / Roll Number : in figures ____________________
: शब्दों में / in words ____________________

परीक्षा केन्द्र (बड़े अक्षरों में) : ____________________
Centre of Examination (in Capitals) :

परीक्षार्थी के हस्ताक्षर : ____________________ निरीक्षक के हस्ताक्षर : ____________________
Candidate's Signature : Invigilator's Signature :

Facsimile Signature Stamp of
Centre Superintendent : ____________________

Prepp
Your Personal Exams Guide

Language Code : **09**

ഈ പുസ്തികയിൽ 20 താളുകൾ ഉണ്ട്

# FSC-26-I

**പേപ്പർ-I**

**മലയാളഭാഷ അനുബന്ധം**

**ഭാഗം IV & V**

**പരീക്ഷാ ചെറുപുസ്തകസങ്കേതം**

**E**

**പറയുന്നതുവരെ ഈ പരീക്ഷാപുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 19 & 20) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുക.**

**പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ :**

1. ഈ പുസ്തിക മുഖ്യപരീക്ഷാപുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷ I) അല്ലെങ്കിൽ V (ഭാഷ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്, രണ്ടുഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I ഉം, II ഓ III ഓ ഭാഗവും മുഖ്യപരീക്ഷാപുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തിരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലിഷ്/ഹിന്ദീചോദ്യങ്ങൾ മുഖ്യപരീക്ഷാപുസ്തകത്തിലുണ്ട്. ഇതരഭാഷ അനുബന്ധങ്ങൾ ചോദിച്ചു വാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീലബോൾപോയിന്റ്പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **E** ആണ്. നിങ്ങളുടെ OMR ഉത്തരക്കടലാസ്സിന്റെ **വശം** 2-ലും നിങ്ങളുടെ മുഖ്യപരീക്ഷാപുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന **രണ്ടു** ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. 60 വസ്തുനിഷ്ഠമായ (ഒബ്ജക്ടീവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക്.
   ഭാഗം **IV**- ഭാഷ-**I** (മലയാളം) *(ചോദ്യം 91 - 120)*
   ഭാഗം **V**- ഭാഷ-**II** (മലയാളം) *(ചോദ്യം 121 - 150)*
7. ഭാഗം **IV** ൽ (ഭാഷ I) 30 ചോദ്യങ്ങളും ഭാഗം V ൽ (ഭാഷ II) 30 ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാളഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാളഭാഷയല്ലാതെ വേറെ ഭാഷ I/ഭാഷ II ആണ് തിരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി എടുത്തിരിക്കുന്നത് അതേ ഭാഷയിലെ തന്നെ ചോദ്യങ്ങൾക്കായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II) ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽനിന്നു വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാപുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്തു മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തരപുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് : ______________________

റോൾ നമ്പർ : (അക്കത്തിൽ) : ______________________

: (അക്ഷരത്തിൽ): ______________________

പരീക്ഷാകേന്ദ്രം (വലിയ അക്ഷരത്തിൽ): ______________________

പരീക്ഷാർത്ഥിയുടെ ഒപ്പ് : ______________ ഇൻവിജിലേറ്ററിന്റെ ഒപ്പ് : ______________

Facsimile signature stamp of
Centre Superintendent ______________________

**ഭാഷ I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം IV**(**ചോദ്യങ്ങൾ 91-120**) ഉത്തരമെഴുതുക.

Candidates should attempt the questions from **Part-IV (Q.No. 91-120)**, if they have opted **MALAYALAM** as **Language-I** only.

→

Prepp
Your Personal Exams Guide

# PART-IV
# LANGUAGE-I
# MALAYALAM

**ഭാഷ-I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-IV** (**ചോദ്യങ്ങൾ 91-120**) ഉത്തരമെഴുതുക.

താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് **(91-99)** ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.

പരശുരാമനെ കേന്ദ്രകഥാപാത്രമാക്കി ബാലാമണിയമ്മ എഴുതിയ പ്രശസ്തമായ കവിതയാണ് ''മഴുവിന്റെ കഥ''. ഈ കവിതയിലെ പരശുരാമൻ പുരാണങ്ങളിലെ പരശുരാമനാണോ എന്ന ചോദ്യം രസകരമായ ഒരുപാട് ആലോചനകൾക്ക് അവസരം നൽകുമെന്നതിനാൽ ആ ചോദ്യം ചോദിച്ചുകൊണ്ട് ഈ ലേഖനം തുടങ്ങുന്നു. ലേഖനത്തിന്റെ ഇനിയുള്ള ഭാഗം ആ ചോദ്യത്തിന്റെ ഉത്തരമല്ല. ആ ചോദ്യം ഈ ലേഖകന്റെ മനസ്സിൽ സൃഷ്ടിച്ച ആലോചനകൾ മാത്രമാണ്.

തീർച്ചയായും ഈ കവിതയിലെ പരശുരാമന്റെ തുടക്കം പുരാണങ്ങളിൽത്തന്നെ. എന്നാൽ ആ തുടക്കത്തെ നിലനിർത്തുന്ന ചിലതും നിരാകരിക്കുന്ന ചിലതും ബാലാമണിയമ്മയുടെ പരശുരാമനിൽ ഉണ്ട്. പരശുരാമനെ വിഷ്ണുപുരാണത്തിലും ഭാഗവതപുരാണത്തിലും, സ്കന്ദപുരാണത്തിലുമൊക്കെയുമാണ് നാം ആദ്യം കാണുന്നത്. എന്നാൽ ബാലാമണിയമ്മയുടെ കവിതയിൽ ലളിതാസഹസ്രനാമത്തിലെ പദങ്ങൾ ഉപയോഗിച്ചുകൊണ്ട്, തന്നെയും തന്റെ പ്രവർത്തനഫലത്തെയും വിശദീകരിക്കുന്ന പരശുരാമനെ നാം കാണുന്നു.

''എന്നിച്ഛാക്രിയാജ്ഞാനശക്തികളുരുക്കൂടി
വന്നതാണെൻനാ,ടൊരു മുനിപുത്രൻ തൻ സ്വപ്നം!''

ഇതിൽ ''ഇച്ഛാക്രിയാജ്ഞാനശക്തികൾ'' എന്ന പ്രയോഗം ശാക്തേയത്തിൽ നിന്നും ലളിതാസഹസ്രനാമത്തിൽ നിന്നും വന്നതാണ്. ലളിതാസഹസ്രനാമത്തിലെ പദസഞ്ചയം ഉപയോഗിച്ച് സ്വയം നിർവ്വചിക്കുന്നു എന്നതുകൊണ്ടുതന്നെ ഇതിലെ പരശുരാമൻ വിഷ്ണുപുരാണത്തിലെ പരശുരാമനിൽ നിന്നു വ്യത്യസ്തനാണ്. വാസ്തവത്തിൽ സൂക്ഷ്മവായനയിൽ തെളിയുന്നത് നിരവധി അടരുകളുള്ള പരശുരാമനെയാണ്. നിരവധി ചരിത്രകാലഘട്ടങ്ങളുടെയും സാമൂഹിക - രാഷ്ട്രീയ താൽപര്യങ്ങളുടേയും അടരുകൾ, ഓരോന്നിന്റെയും വ്യാഖ്യാനങ്ങൾ സൃഷ്ടിക്കുന്ന അടരുകൾ, അവയ്ക്കുമുകളിൽ വ്യാഖ്യാനങ്ങളുടെ വ്യാഖ്യാനങ്ങൾ പതിക്കുന്ന മേലടരുകൾ. ഈ സങ്കീർണ്ണ സൃഷ്ടിയിൽ പുരാണങ്ങളിലെ പരശുരാമനെയും അതിന്റെ തുടർച്ചയെയും മാത്രം കാണുന്നതും പുരാണങ്ങളിലെ പരശുരാമൻ ഇതിൽ ഇല്ലേയില്ല എന്നു പ്രഖ്യാപിക്കുന്നതും ഒരേപോലെ അബദ്ധമാണ്.

മദ്ധ്യം പൊട്ടിയ കണ്ണാടിപോലെയാണ് പരശുരാമന്റെ വ്യക്തിത്വം. ഒരു ഭാഗത്തു തെളിയുന്നത് സാത്വികബ്രാഹ്മണന്റെ ദൃശ്യം. കണ്ണാടിയുടെ രണ്ടാമത്തെ ഖണ്ഡത്തിൽ ഉജ്ജ്വലവീര്യവുമായി ജ്വലിക്കുന്ന ക്ഷത്രിയനും.

**91.** 'മഴുവിന്റെ കഥ' യിലെ പരശുരാമവിശേഷണങ്ങൾ ഏതിലുള്ളത് ?

(1) ലളിതാസഹസ്രനാമം
(2) വിഷ്ണുസഹസ്രനാമം
(3) ഭാഗവതപുരാണം
(4) വിഷ്ണുപുരാണം

Prepp
Your Personal Exams Guide

92. 'അവധി' യുടെ വിപരീതാർത്ഥത്തിൽ ഇതിലുള്ള വാക്ക് ?
(1) ഉദയം (2) നിരവധി (3) ജനിതകം (4) ആവർത്തനം

93. പരശുരാമന്റെ വ്യക്തിത്വാംശങ്ങൾ ഏവ ?
(1) ക്ഷത്രിയത്വവും വീര്യവും (2) ബ്രാഹ്മണ്യവും സാത്വികതയും
(3) ക്ഷത്രിയത്വവും ഔജ്ജല്യവും (4) ബ്രാഹ്മണ്യവും ക്ഷത്രിയത്വവും

94. 'മഴുവിന്റെ കഥ' പുരാണങ്ങളെ ?
(1) അതിവർത്തിക്കുന്നു (2) വിവർത്തനം ചെയ്യുന്നു
(3) അനുവർത്തിക്കുന്നില്ല (4) അനുവർത്തിക്കുന്നുണ്ട്

95. പരശുരാമൻ പ്രത്യക്ഷനാകുന്നത് ?
(1) സ്കന്ദപുരാണത്തിൽ (2) നഗരപുരാണത്തിൽ
(3) നഹുഷപുരാണത്തിൽ (4) തീർത്ഥപാദപുരാണത്തിൽ

96. പുരാണങ്ങളിൽ നിന്നും തുടങ്ങുന്നതെന്ത് ?
(1) ബാലാമണിയമ്മയുടെ കവിത (2) ലേഖകന്റെ ആലോചനകൾ
(3) പരശുരാമന്റെ രംഗപ്രവേശം (4) പരശുരാമന്റെ അന്തർദ്ധാനം

97. 'ഇച്ഛാക്രിയാജ്ഞാനശക്തികൾ' എന്നതിലെ സന്ധി ?
(1) ആദേശം (2) ലോപം (3) ദ്വന്ദ്വൻ (4) ആഗമം

98. 'കൂട്ടം' എന്നർത്ഥത്തിൽ ഇവിടെയുള്ള പദം ?
(1) സഞ്ചയം (2) അടര് (3) കാലഘട്ടം (4) പുരാണം

99. ഈ ഗദ്യഭാഗം ഏത് ഇനത്തിൽപ്പെടുന്നു ?
(1) പാഠവിമർശനം (2) പുരാണപഠനം
(3) ദർശനപഠനം (4) സാഹിത്യവിമർശനം

താഴെക്കൊടുത്തിട്ടുള്ള പദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് **(100-105)** ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.

ഇല വിരിഞ്ഞപാടിളന്നീർ കായ്ച്ചൊരു
മലയാളത്തിന്റെ പറമ്പിതല്ലയോ
തപസ്സിലായഹം മറന്നു നില്ക്കുന്ന
വയസ്സൻ കാഞ്ഞിരമരമിതല്ലയോ ?
ഇതിന്റെ തുഞ്ചത്തിലിരുന്നല്ലോ പാടീ
ഇഹപരങ്ങൾതന്നിശകൾ പൈങ്കിളി,
മനുവംശമഹാചരിതമാകവെ-
യൊരു മായാമയപരമലീലയായ്
കളകാകളിയിൽ പകർന്നു പാടിയ
കിളിമകളേ, ഹാ, എവിടെ നീയിപ്പോൾ ?

Prepp
Your Personal Exams Guide

അപൗരുഷേയത്തിന്നനുധ്യാനത്തിനാൽ
നിനക്കു കൈവന്നു കഴിഞ്ഞോ കൈവല്യം
ശുകതരുണി, നിൻ വചനപീയൂഷ–
ഝരിയിലാഹ്ലാദവിവശചിത്തനായ്,
മടിയിലായ് നിന്നെത്തഴുകി ലാളിച്ചു
കവിത പാടിച്ച കവിവരനെങ്ങോ ?
എവിടെ ദുഃഖത്തിൻ മുറിവുണങ്ങാതെ
കരളിലുള്ളൊരാത്തിരുവെഴുത്തോല ?
എവിടെയമ്മതൻ ചുടുമിഴിനീരിൽ
മുനയുരുകിയ പഴയ നാരായം ?

**100.** ഈ കവിതയിൽ ചിത്രീകരിക്കപ്പെടുന്നത് ?

(1) എഴുത്തോല (2) തുഞ്ചത്തെഴുത്തച്ഛൻ
(3) മലയാളം (4) കിളിമകൾ

**101.** 'തരുണി' യുടെ എതിർലിംഗം ?

(1) തരുണൻ (2) വയസ്സൻ (3) തുഞ്ചൻ (4) പുരുഷൻ

**102.** 'നീരിൽ' എന്നത് ഏതു വിഭക്തി ?

(1) നിയോജിക (2) സംബന്ധിക (3) പ്രതിഗ്രാഹിക (4) ആധാരിക

**103.** ആത്മവിസ്മൃതിയിൽ തപസ്സു ചെയ്യുന്നത് ?

(1) പറമ്പ് (2) പൈങ്കിളി (3) മനുവംശം (4) കാഞ്ഞിരമരം

**104.** 'ഇഹപരങ്ങൾ' എന്നതിലെ സമാസം ?

(1) ദ്വന്ദ്വൻ (2) ബഹുവ്രീഹി (3) തത്പുരുഷൻ (4) അവ്യയീഭാവൻ

**105.** 'കൈവല്യം' എന്നതിന്റെ അർത്ഥം ?

(1) പൗരുഷം (2) നാരായം (3) മോക്ഷം (4) പീയൂഷം

**106.** കുട്ടികളുടെ പഠനശൈലികളെക്കുറിച്ച് കൂടുതൽ അറിയുന്നതിനും അവരുടെ മുൻഗണനാ വിഷയങ്ങൾ മനസ്സിലാക്കുന്നതിനും വേണ്ടി അദ്ധ്യാപകൻ പഠിതാക്കൾക്ക് ഒരു ചോദ്യാവലി നല്കുന്നു. ഇവിടെ അദ്ധ്യാപകൻ അണിയുന്ന വേഷം എന്നത് :

(1) വിദഗ്ധവിവരദാതാവ് (2) കാരണം കണ്ടുപിടിക്കുന്നയാൾ
(3) മാനേജർ (4) ആസൂത്രകൻ

Prepp
Your Personal Exams Guide

107. **ദൃഢീകരണം** (A) : ക്ലാസ്സ്മുറിയിലെ പഠനാനുഭവങ്ങൾ കുട്ടികളുടെ ജീവിതങ്ങളും അവരുടെ സാഹചര്യങ്ങളുമായി അഗാധമായി ബന്ധപ്പെട്ടിരിക്കുന്നു.

**കാരണം** (R) : കുട്ടികളുടെ പൂർവധാരണയ്ക്കുമേൽ സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് പഠനാനുഭവങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

താഴെക്കൊടുത്തിട്ടുള്ള ഐച്ഛികങ്ങളിൽ നിന്ന് ഏറ്റവും യോജിച്ച ഉത്തരം തിരഞ്ഞെടുക്കുക.

(1) **(A)** ശരി, **(R)** ശരിയല്ല
(2) **(A)** ശരിയല്ല, **(R)** ശരി
(3) **(A)** യും **(R)** യും ശരി, **(A)** യുടെ ശരിയായ വിശദീകരണമാണ് **(R)**
(4) **(A)** യും **(R)** യും ശരി, **(A)** യുടെ ശരിയായ വിശദീകരണമല്ല **(R)**

108. താഴെക്കൊടുത്തിട്ടുള്ളവയിൽ, ഒരു ഭാഷ പഠിക്കുന്നതിനെ സംബന്ധിച്ച് ശരിയല്ലാത്തത് ഏത് ?

(1) ഭാഷാപഠനമെന്നാൽ അർത്ഥോത്പാദനമാണ്
(2) ഒരു ഭാഷ പഠിക്കുന്നതിന് വ്യാകരണപഠനം അനിവാര്യമാണ്.
(3) ഭാഷയുമായി ബന്ധപ്പെടാൻ ആവശ്യമായ അവസരം നല്കുകയാണെങ്കിൽ എല്ലാ പഠിതാക്കൾക്കും സൗകര്യപൂർവം ഭാഷ പഠിക്കാൻ കഴിയുന്നതാണ്.
(4) ഭാഷാപഠനത്തിന് സമയമെടുക്കും

109. **ദൃഢീകരണം** (A) : ഭാഷ സാംസ്കാരികാവബോധത്തിന്റെയും ആവിഷ്കാരത്തിന്റെയും ഒരു നിർണ്ണായകഘടകം രൂപപ്പെടുത്തുന്നു, അതിനെ കുട്ടികളിൽ വികസിക്കേണ്ട മുഖ്യകാര്യക്ഷമതകളിൽ പരിഗണിക്കുകയും ചെയ്യുന്നു.

**കാരണം** (R) : കുട്ടികൾക്ക് സാംസ്കാരികാവബോധത്തിന്റെയും ആവിഷ്കാരത്തിന്റെയും കാര്യക്ഷമതകൾ ഒരു വ്യക്തിത്വബോധം, ഭാഗഭാഗിത്വം, അതുപോലെ തന്നെ മറ്റ് സംസ്കാരങ്ങളോടും സ്വത്വങ്ങളോടുമുള്ള അഭിനന്ദനം എന്നിവ പ്രദാനം ചെയ്യുന്നു.

(1) **(A)** ശരി, **(R)** ശരിയല്ല
(2) **(A)** ശരിയല്ല, **(R)** ശരി
(3) **(A)** യും **(R)** യും ശരി **(A)** യുടെ ശരിയായ വിശദീകരണമാണ് **(R)**
(4) **(A)** യും **(R)** ശരി, **(A)** യുടെ ശരിയായ വിശദീകരണമല്ല **(R)**

110. **ദൃഢീകരണം** (A) : വിദ്യാർത്ഥിയുടെ നിർമ്മിതിമാതൃക വിദ്യാർത്ഥിയുടെ പ്രവർത്തനശകലങ്ങളുടെ സോദ്ദേശ്യസമാഹാരമാണ്.

**കാരണം** (R) : നിർമ്മിതിമാതൃകയ്ക്ക് വിദ്യാർത്ഥികളെ അവരുടെ സ്വന്തം ശക്തിദൗർബല്യങ്ങളെ വിലയിരുത്തുന്നത് പ്രോത്സാഹിപ്പിക്കാൻ കഴിയും.

താഴെക്കൊടുത്തിട്ടുള്ള ഐച്ഛികങ്ങളിൽ നിന്ന് ഏറ്റവും അനുയോജ്യമായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.

(1) **(A)** ശരി, **(R)** ശരിയല്ല
(2) **(A)** ശരിയല്ല, **(R)** ശരി
(3) **(A)** യും **(R)** യും ശരി, **(A)** യുടെ ശരിയായ വിശദീകരണമാണ് **(R)**
(4) **(A)** യും **(R)** യും ശരി, **(A)** യുടെ ശരിയായ വിശദീകരണമല്ല **(R)**

Prepp
Your Personal Exams Guide

**111.** പാഠപുസ്തകങ്ങൾ എഴുത്തുകാർ രചിച്ച കഥകളും കവിതകളും നാടകങ്ങളും മറ്റു രചനാമാതൃകകളും ഉൾക്കൊള്ളുന്നു. ആ വസ്തുക്കളെ നാം തിരഞ്ഞെടുക്കേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ,

(1) പ്രശസ്തരായ എഴുത്തുകാരാൽ രചിക്കപ്പെട്ടവയാണ്.

(2) അവ ലളിതമായ ഭാഷയിലുള്ളവയാകുന്നു.

(3) അവ സാധുവും സ്വാഭാവികഭാഷയിലുള്ളവയുമാണ്.

(4) പാഠപുസ്തകങ്ങളിൽ ഉപയോഗിക്കുവാൻ ഉദ്ദേശിച്ചു രചിച്ചവയാണ്.

**112.** താഴെക്കൊടുത്തിട്ടുള്ളവയിൽ വായനയുടെ ഉപനൈപുണി അല്ലാത്തത് ഏതൊരെണ്ണം ?

(1) പ്രത്യേകം ആവശ്യമായ വിവരത്തെ സ്ഥാനപ്പെടുത്തുന്നതിനുള്ള സൂക്ഷ്മപരിശോധന

(2) ഓരോ വാക്കിന്റെയും അക്ഷരം അറിയുക.

(3) പദങ്ങൾ തിരിച്ചറിയുക, താക്കോൽവാക്കുകൾ പ്രത്യേകം എടുക്കുക

(4) അർത്ഥത്തിന്റെ നിഗമനവും അപരിചിതനിഘണ്ടുവസ്തുക്കളുടെ ഉപയോഗവും

**113.** ഭാഷാവികസനത്തിന്റെ ധൈഷണികതത്ത്വം സഹായിക്കുന്നത് ഭാഷയുടെ,

(1) സമൂഹത്തിനുള്ളിലെ ഇടപെടലിലൂടെ പഠിക്കുന്നതിന്

(2) വാക്കുകൾ പറയും മുൻപ് കുട്ടിയുടെ ധാരണയെക്കുറിച്ചുള്ള സങ്കല്പനത്തെ ആശ്രയിച്ചിരിക്കുന്നു.

(3) ഒരു വ്യക്തിയുടെ സഹജശക്തിയെ

(4) സമ്മാനത്തിലും ശിക്ഷയിലും കൂടി പഠിക്കുന്നതിന്

**114.** താഴെക്കൊടുത്തിട്ടുള്ളവയിൽ ചിത്രങ്ങളും പുസ്തകങ്ങളിലെ ചിത്രങ്ങളും ചിത്രീകരണങ്ങളും സംബന്ധിച്ചു ശരിയല്ലാത്തത് ഏത് ?

(1) അവർക്ക് അതുപോലുള്ള ചിത്രങ്ങൾ വരയ്ക്കാൻ അവസരം നല്കുന്നതിന്

(2) അപരിചിതവും സ്മരണീയവുമായ സന്ദർഭങ്ങളിൽ ഭാഷ ആവിഷ്കരിക്കാൻ സഹായിക്കുന്നതിന്

(3) ഉള്ളടക്കത്തിനു സഹായകം

(4) കുട്ടികളുടെ തത്പര്യം നിലനിർത്തുന്നു.

**115.** താഴെക്കൊടുത്തിട്ടുള്ള പ്രസ്താവനകളിൽ ചെറുപഠിതാക്കളെ സംബന്ധിച്ച് ശരിയായത് ഏത് ?

(1) തീരെ ചെറിയ പഠിതാക്കൾ അമൂർത്തസങ്കല്പനങ്ങൾ ഭാഗികമായേ മനസ്സിലാക്കുന്നുള്ളൂ.

(2) തീരെ ചെറിയ പഠിതാക്കൾ അമൂർത്തസങ്കല്പനങ്ങളിൽ നിന്ന് പ്രചോദിതരാകുന്നു.

(3) തീരെ ചെറിയ പഠിതാക്കൾ അമൂർത്തസങ്കല്പനങ്ങൾ മനസ്സിലാക്കുന്നു.

(4) തീരെ ചെറിയ പഠിതാവിന് അമൂർത്തസങ്കല്പനങ്ങൾ പഠിക്കുക കഠിനമെന്നു കാണുന്നു.

Prepp
Your Personal Exams Guide

**116.** ക്ലാസ്സ് I ലെ അധ്യാപിക അവരുടെ പഠിതാക്കളോട്, തങ്ങൾക്ക് വേണ്ടതെന്തും ചുവരുകളിൽ കുത്തിവരയ്ക്കാനും ചിത്രം വരയ്ക്കാനും, എഴുതാനും ആവശ്യപ്പെടുന്നു. ഇവിടെ അവർ പ്രോത്സാഹിപ്പിക്കുന്നത് എന്ത് ?

(1) രചനാനൈപുണീവികസനം
(2) അക്ഷരമാലയിലെ അക്ഷരങ്ങൾ എഴുതി തുടങ്ങുന്നത്
(3) സാക്ഷരതാവികസനവികസ്വരത
(4) സന്തോഷവും തമാശയും

**117.** ഒരധ്യാപിക ഭാഷാപഠനത്തിന്റെ ചില ഘടകങ്ങൾ കണ്ടു. ഉദാഹരണത്തിന്, ശാസ്ത്രീയ സങ്കല്പനങ്ങളെക്കുറിച്ചുള്ള ഒരു പുസ്തകം അർത്ഥമറിഞ്ഞു വായിക്കുക.
ആ പ്രത്യേകഘടകങ്ങളിൽ പ്രയാസം അനുഭവിക്കുന്ന വിദ്യാർത്ഥികളെ പ്രത്യേകം പരിഗണിക്കാൻ അവർ തീരുമാനിച്ചു. അതുപോലുള്ള പുസ്തകങ്ങൾ വായിക്കാനും മനസ്സിലാക്കാനും സഹായകമായ പ്രത്യേകം ക്ലാസ്സുകൾ അവർ എടുത്തു. ഈ പ്രയോഗം അറിയപ്പെടുന്നതെന്ത് ?

(1) ചിന്താശേഷികൾ
(2) പരിപുഷ്ടീബോധനം
(3) പരിഹാരാത്മകബോധനം
(4) ഉയർന്നതരം ശേഷികൾ

**118.** ഒരു കടയിൽ നിന്നു ചിലതു വാങ്ങുന്നതിന് വിദ്യാർത്ഥികൾക്ക് ഒരു പ്രയോഗക്ഷമതയുള്ള ഒരു വൃദ്ധിസംജ്ഞയെ ഉപയോഗിക്കാൻ കഴിയുമോ എന്നു വിലയിരുത്തുന്നതിന് വിദ്യാർത്ഥികൾക്ക് അത് അനുയോജ്യമാകേണ്ടത് :

(1) കട നടത്തിപ്പുകാരനും ഉപഭോക്താക്കൾക്കുമിടയിലെ ഒരു ചെറുകഥ വായിക്കുക.
(2) കടനടത്തിപ്പുകാരനും ഉപഭോക്താക്കൾക്കുമിടയിലെ ഒരു രംഗം ചിത്രീകരിക്കുക.
(3) കടനടത്തിപ്പുകാരനും ഉപഭോക്താക്കൾക്കുമിടയിലുള്ള ലഘുഭാഷണങ്ങൾ തയ്യാറാക്കുക.
(4) അവരുടെ ഭക്ഷണമുൻഗണനാക്രമങ്ങളെക്കുറിച്ച് എഴുതുക.

**119.** അധ്യാപിക എന്ന നിലയിൽ നിങ്ങളുടെ ക്ലാസ്സിൽ വിദ്യാർത്ഥികളുടെ ഇടപെടലുകൾ സുഗമമാക്കുന്നതിന് നിങ്ങൾ എന്തു നടപടികളാണ് സ്വീകരിക്കുക ?

(a) കൂടുതൽ ചോദ്യങ്ങൾ ചോദിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുക.
(b) ജോടിയായും സംഘമായുമുള്ള പ്രവർത്തനങ്ങൾ നടത്തും. കുട്ടികളിൽ നിന്ന് അഭിപ്രായങ്ങൾ ക്ഷണിക്കും.
(c) വ്യക്തിപരമായ പഠനം നടത്തുന്നതിന് അവരെക്കൊണ്ട് ഉറക്കെ പാഠപുസ്തകം വായിപ്പിക്കുകയും ഓരോരുത്തരെയും കൊണ്ട് പ്രതികരിപ്പിക്കുകയും ചെയ്യും.
(d) സംഭാഷണങ്ങൾ പരസ്പരം വായിപ്പിക്കുകയും ഇടപെടുന്നതിനും ഓരോരുത്തരെയും കൊണ്ട് ചോദ്യങ്ങൾ ചോദിപ്പിക്കുകയും ചെയ്യും.

(1) (a) യും (b) യും (d) യും ശരി.
(2) (a) യും (c) യും (d) യും ശരി.
(3) (a) യും (b) യും (c) യും ശരി.
(4) (b) യും (c) യും (d) യും ശരി.

**120.** വിദ്യാർത്ഥികളുടെ പദസമ്പത്ത് വികസിക്കാൻ സഹായിക്കുന്നു. അതിന് അദ്ധ്യാപകർ ഭാഷയെ ഉൾക്കൊള്ളുന്ന ഒരു സാമഗ്രി ഉപയോഗിക്കുന്നു. അത് ഭാഷയെ കുട്ടികൾക്കു വേണ്ടി ലളിതീകരിച്ചതും സാധുവായ പദാർത്ഥം കൊണ്ട് നിർമ്മിച്ചതുമാണ്. ഈ വസ്തുവാണ് :

(1) ദ്വിഭാഷാനിഘണ്ടുക്കൾ
(2) തരം തിരിച്ച വായനക്കാർ
(3) വർത്തമാനപ്പത്രം
(4) കഥാപാത്രച്ചീട്ട്

Prepp
Your Personal Exams Guide

**ഭാഷ II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം V** (**ചോദ്യങ്ങൾ 121-150**) ഉത്തര-മെഴുതുക.

Candidates should attempt the questions from **Part-V (Q.No. 121-150)**, if they have opted **MALAYALAM** as **Language-II** only.

Prepp
Your Personal Exams Guide

# PART-V
# LANGUAGE-II
# MALAYALAM

| |
|---|
| **ഭാഷ-II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-V** (**ചോദ്യങ്ങൾ 121-150**) ഉത്തരമെഴുതുക. |

താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് **(121-128)** ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.

വേദപഠശാലയാണ് ഗുരുകുലം. സംസ്കൃതവും മലയാളവും ഉണർന്നെഴുന്നേറ്റത് പ്രാചീന ഗുരുകുലങ്ങളിലാണ്. വേദപാഠശാലകളാണെങ്കിലും അശ്വവിദ്യയും ഖഡ്ഗവിദ്യയും ജാലവിദ്യയും ഇവിടെ അഭ്യസിപ്പിച്ചിരുന്നു. ബ്രാഹ്മണവിദ്യാർത്ഥികളെ ഉദ്ദേശിച്ചു ചില ക്ഷേത്രങ്ങളോടനുബന്ധിച്ച് ഗുരുകുലങ്ങൾ പ്രവർത്തിച്ചിരുന്നു. ഈ വിദ്യാപീഠങ്ങൾക്ക് രാജാക്കന്മാരിൽ നിന്നോ പ്രഭുക്കന്മാരിൽ നിന്നോ ഭൂമിയും മറ്റു വിഭവങ്ങളും നിത്യച്ചെലവിനുള്ള വകകളും അനുവദിച്ചുകൊടുത്തിരുന്നു. ഈ സ്വത്തിന് ശാലാഭോഗം എന്നു പറയും. ഗുരുകുലങ്ങൾ ആദ്യം ക്ഷേത്രങ്ങളിലെ ശാലകളിലായിരുന്നു. ശാലകൾ പ്രവർത്തിക്കാതായപ്പോൾ കോവിലകങ്ങളും ജന്മിഗൃഹങ്ങളും ഗുരുകുലങ്ങളായി. ഇതിന്റെ നടത്തിപ്പ് ഭാരിച്ച ചെലവുണ്ടാക്കുന്നവയാണ്. ശിഷ്യരെ പാർപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുമ്പോൾ അവർക്കുള്ള ചെലവുകൾ കോവിലകം നേരിട്ടു നടത്തി. വിദ്യാഭ്യാസരീതി ഇഷ്ടപ്പെട്ടത് തിരഞ്ഞെടുക്കുക എന്നതായി മാറി. കൊടുങ്ങല്ലൂരിലെ ഗുരുകുലത്തിൽ പല കക്ഷ്യകൾ ഉണ്ടായിരുന്നു. ഒരു കക്ഷ്യയിലുള്ളവർക്ക് ഒരു ഗ്രന്ഥം എന്നതായിരുന്നു രീതി. കൂടല്ലൂർ മനയ്ക്കലെ ഗുരുകുലം നറേരി എന്ന പേരിൽ അറിയപ്പെട്ടു. ഇവിടെ പതിന്നാലുതലമുറക്കാലത്തേക്കു മാത്രമേ വ്യാകരണ പാണ്ഡിത്യമുള്ളവർ ഉണ്ടാകൂ എന്നു വിശ്വാസമുണ്ട്. പുന്നശ്ശേരി ഗുരുകുലത്തിന്റെ ആചാര്യൻ നീലകണ്ഠശർമയായിരുന്നു. ഇവിടെ അബ്രാഹ്മണർക്കും വിദ്യാഭ്യാസം ചെയ്യാമായിരുന്നു.

മഹാപണ്ഡിതന്മാരുടെ ഭവനങ്ങളിൽ വിദ്യാർത്ഥികൾ പഠനം നടത്തിയിരുന്ന സമ്പ്രദായത്തെയും ഗുരുകുലവിദ്യാഭ്യാസം എന്നുതന്നെയാണ് പറയുന്നത്. ഇത്തരം ഗുരുകുലങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് കൊടുങ്ങല്ലൂർ ഗുരുകുലമായിരുന്നു. കൊടുങ്ങല്ലൂർ കോവിലകത്തിലെ തമ്പുരാക്കന്മാരുടെ ഭവനങ്ങളായിരുന്നു ഗുരുകുലങ്ങൾ. കാവ്യങ്ങൾ, ന്യായം, വേദാന്തം. വ്യാകരണം, അലങ്കാരം, ആയുർവേദം, ജ്യോതിഷം, ശില്പം, സംഗീതം, അഭിനയം തുടങ്ങിയവയായിരുന്നു ഇവിടെ പഠിപ്പിച്ചിരുന്നത്. ഈ രീതി കേരളത്തിൽ ഒന്നാകെ നിലനിന്നിരുന്നു.

**121.** പ്രചീനഗുരുകുലങ്ങൾ പോഷിപ്പിച്ചതെന്ത് ?

(1) മലയാളവും ജ്യോതിഷവും (2) സംസ്കൃതവും ശില്പവും

(3) സംസ്കൃതമലയാളഭാഷകൾ (4) സംസ്കൃതവും ആയുർവേദവും

**122.** 'ആചാര്യൻ' എന്നത് ഏതു വിഭക്തിയാണ് ?

(1) പ്രയോജിക (2) നിർദ്ദേശിക

(3) ആധാരിക (4) സംബന്ധിക

Prepp
Your Personal Exams Guide

**123.** പതിന്നാലുതലമുറയിലേ വ്യാകരണപണ്ഡിതന്മാർ ഉണ്ടാകൂ എന്നു വിശ്വസിക്കപ്പെടുന്ന ഗുരുകുലമ ഏത് ?

(1) കൊടുങ്ങല്ലൂർ (2) കൂടല്ലൂർ (3) കാന്തളൂർ (4) പുന്നശ്ശേരി

**124.** ഈ ഗദ്യഭാഗം പ്രതിപാദിക്കുന്നത് ?

(1) കേരളത്തിന്റെ വിദ്യാപാരമ്പര്യം

(2) കേരളത്തിന്റെ ചികിത്സാപാരമ്പര്യം

(3) കേരളത്തിലെ വിദ്യാർത്ഥിവൈശിഷ്ട്യം

(4) കേരളത്തിന്റെ ഗുരുപൈതൃകം

**125.** നീലകണ്ഠശർമ്മ ഏതു ഗുരുകുലത്തിന്റെ ആചാര്യനായിരുന്നു ?

(1) കൂടല്ലൂർ (2) നാറേരി (3) പുന്നശ്ശേരി (4) കൊടുങ്ങല്ലൂർ

**126.** കൊടുങ്ങല്ലൂരിലെ ഗുരുകുലങ്ങൾ സ്ഥിതി ചെയ്തത് എവിടെ ?

(1) ജന്മിഗൃഹങ്ങളിൽ (2) പ്രഭുഭവനങ്ങളിൽ

(3) ക്ഷേത്രങ്ങളിൽ (4) രാജഭവനങ്ങളിൽ

**127.** എന്താണ് ഗുരുകുലം ?

(1) കോവിലകം (2) ജന്മിഗൃഹം (3) മന (4) വേദവിദ്യാലയം

**128.** 'ശാലാഭോഗം' എന്നാലെന്ത് ?

(1) രാജാക്കന്മാരും പ്രഭുക്കന്മാരും ഗുരുകുലങ്ങൾക്കു നല്കിയ സ്വത്ത്

(2) രാജാക്കന്മാരും ബ്രാഹ്മണരും ഗുരുകുലങ്ങൾക്കു നല്കിയ സ്വത്ത്

(3) ബ്രാഹ്മണരും ജന്മിമാരും ഗുരുകുലങ്ങൾക്കു നല്കിയ സ്വത്ത്

(4) ബ്രാഹ്മണരും പ്രഭുക്കന്മാരും ഗുരുകുലങ്ങൾക്കു നല്കിയ സ്വത്ത്

Prepp
Your Personal Exams Guide

താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് **(129-135)** ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.

പുരനിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ പാരമ്പര്യഘടകങ്ങളും ഉൾക്കൊള്ളുന്നതാണു വാസ്തുവിദ്യ. വിവിധതരത്തിലുള്ള ആലയനിർമ്മാണരീതികൾ, ആലയനിർമ്മാണത്തിനുപയോഗിക്കുന്ന വസ്തുക്കൾ, ഉപകരണങ്ങൾ, അതുമായി ബന്ധപ്പെട്ട ശില്പവിദ്യകൾ, എന്നിവ വാസ്തുവിദ്യയിൽ വിവരിക്കുന്നു.

വാസ്തു എന്ന വാക്കിന്റെ അർത്ഥം ഭൂമി എന്നാണ്. വാസ്തുദേവന്റെ വാസസ്ഥലമായ വാസ്തുവിൽ അദ്ദേഹം ശയിക്കുന്നതായാണു സങ്കല്പം. വാസ്തുദേവനെ പ്രീതിപ്പെടുത്തിക്കൊണ്ടുവേണം പുരകൾ നിർമ്മിക്കേണ്ടത്.

കേരളത്തിലെ കെട്ടിടങ്ങളിൽ ഏഴു വ്യത്യസ്തശൈലികൾ കാണുവാൻ കഴിയും. വേണാട്ടുശൈലി, ഓണാട്ടുകരശൈലി, വെമ്പൊലിനാട്ടുശൈലി, തൃപ്പൂണിത്തുറശൈലി, വള്ളുവനാടൻ ശൈലി, കോഴിക്കോടൻശൈലി, കോലോത്തുനാട്ശൈലി എന്നിങ്ങനെയാണവ.

എരുത്തിലുകൾക്കും (തൊഴുത്ത്) കൊടുക്കുന്ന പ്രാധാന്യമാണ് ഓണാട്ടുകരശൈലിയുടേ പ്രത്യേകത. പ്രത്യേകതരത്തിലെ ഇരട്ടമുഖപ്പുകൾ കൊല്ലത്തെയും കായംകുളത്തെയും ക്ഷേത്രങ്ങളിൽ കാണാം. മഴ നനയാതിരിക്കുവാനുള്ള മേല്ക്കൂരയോടുകൂടിയ കൽവിളക്കുകളും ഈ ഭാഗങ്ങളിലെ ക്ഷേത്രങ്ങളിൽ സർവ്വസാധാരണമാണ്.

ഓമ, പോതികം തുടങ്ങിയ അവയവങ്ങളോടു കൂടിയ തൂണുകളുടെ ശില്പഭംഗി കോലോത്തുനാടൻ ശൈലിയുമാണ്.

'ഏകശാല' അഥവാ 'ഒറ്റപ്പുര' യാണ് കേരളത്തിൽ ഏറ്റവും കൂടുതൽ പ്രചാരമുള്ള വാസമാതൃക. തെക്കിനി, പടിഞ്ഞാറ്റിനി, വടക്കിനി, കിഴക്കിനി എന്നിങ്ങനെ മുൻഗണനാക്രമത്തിലാണ് ഒറ്റപ്പുരയായി വീടു പണിയേണ്ടത്. കിഴക്കിനി ബ്രാഹ്മണർക്കും തെക്കിനി ക്ഷത്രിയർക്കും വടക്കിനി വൈശ്യന്മാർക്കും പടിഞ്ഞാറ്റിനി ശൂദ്രന്മാർക്കും വസിക്കാനുള്ളതാണെന്നുമാണു പൊതുവിശ്വാസം. ഇവിടെ ഏറ്റവുമധികം പ്രചാരത്തിലുള്ള ഒറ്റപ്പുര പടിഞ്ഞാറ്റിനിയാണ്. വർണ്ണ വ്യത്യാസമില്ലാതെ എല്ലാവരും ഇതു നിർമിക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു.

വ്യാപകമായി കണ്ടുവരുന്ന വാസമാതൃക ഒറ്റപ്പുരയാണെങ്കിലും രണ്ടു ദിക്ശാലകൾ ചേർന്ന ദ്വിശാല, മൂന്നു ദിക്ശാലകൾ ചേർന്ന ത്രിശാല, നാലു ദിക്ശാലകൾ ചേർന്ന ചതുശാല (നാലുകെട്ട്), ദിക്ശാലകളും കോൺശാലകളും ചേർന്നു വരുന്ന എട്ടുകെട്ട്, പതിനാറുകെട്ട് തുടങ്ങിയ വാസ മാതൃകകളും നിലനില്ക്കുന്നുണ്ട്.

**129.** 'എങ്കിലും' എന്നത് ?

(1) വ്യാക്ഷേപകം　　(2) പാക്ഷികം

(3) മുൻവിനയെച്ചം　　(4) പിൻവിനയെച്ചം

**130.** 'ഒറ്റപ്പുര' എന്നതിലെ സന്ധി ?

(1) ദ്വിത്വം　　(2) ലോപം　　(3) ആദേശം　　(4) ആഗമം

Prepp
Your Personal Exams Guide

**131.** വാസ്തുവിദ്യ എന്നാൽ ?

(1) ഗൃഹനിർമ്മാണത്തെ സംബന്ധിച്ച ആധുനികജ്ഞാനം

(2) ഗൃഹനിർമ്മാണവുമായി ബന്ധപ്പെട്ട വാസ്തുദേവജ്ഞാനം

(3) പുരനിർമ്മാണവുമായി ബന്ധപ്പെട്ട ശൈലീവിജ്ഞാനം

(4) ഗൃഹനിർമ്മാണത്തെ സംബന്ധിച്ച പൂർവികജ്ഞാനം

**132.** 'ഏകശാല' യുടെ പ്രത്യേകത എന്ത് ?

(1) കേരളത്തിനു പുറത്തുള്ള വാസമാതൃക

(2) കേരളത്തിൽ ഇല്ലാത്ത വാസമാതൃക.

(3) കേരളത്തിൽ ഏറ്റവുമധികമുള്ള വാസമാതൃകകൾ

(4) കേരളത്തിൽ ഏറ്റവും കുറവുള്ള വാസമാതൃക

**133.** ഇരട്ടമുഖപ്പുകളോടു കൂടിയ ക്ഷേത്രങ്ങൾ ഉള്ളത് ?

(1) വള്ളുവനാട്ടിൽ (2) കൊല്ലത്ത്

(3) തൃപ്പൂണിത്തുറയിൽ (4) കോഴിക്കോട്ട്

**134.** കേരളീയമന്ദിരങ്ങളിൽ __________ ശൈലികൾ കാണാം.

(1) ഒൻപത് (2) പന്ത്രണ്ട് (3) ഏഴ് (4) അഞ്ച്

**135.** 'ഒറ്റപ്പുരയിലെ താമസക്കാർ' ആര് ?

(1) ബ്രാഹ്മണർ (2) ക്ഷത്രിയർ (3) വൈശ്യർ (4) ശൂദ്രർ

**136.** താഴെക്കൊടുത്തവയിൽ കുട്ടികൾക്കുള്ള കഥ പറഞ്ഞുകൊടുക്കുന്നതിനെ സംബന്ധിച്ചു ശരിയല്ലാത്തത് ഏത് ?

കഥാശ്രവണം കുട്ടികളെ സഹായിക്കുന്നത്,

(1) പ്രശ്ന - പരിഹാരനൈപുണികകൾ വികസിക്കാൻ

(2) ജീവിതത്തിൽ അനുവർത്തിക്കാനുള്ള പുതിയ ധാർമ്മികമൂല്യങ്ങൾ പഠിക്കാൻ

(3) പുതിയ വാക്കുകൾ പഠിക്കാനും അവരുടെ പദസമ്പത്ത് വിപുലമാക്കാനും

(4) വാക്യഘടന പാലിക്കാൻ

Prepp
Your Personal Exams Guide

**137.** അധ്യാപിക ആ ഏകകത്തിലെ വിഷയത്തിന് യോജിക്കുന്ന ഒരു വീഡിയോ കണ്ടെത്തുകയും അതിനെ ചുറ്റിപ്പറ്റി ഒരു ജോടിപ്രവർത്തനം നല്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു. ഈ ജോടി പ്രവർത്തനത്തിന്റെ ലക്ഷ്യം വിദ്യാർത്ഥികളുടെ എന്തു പ്രോത്സാഹിപ്പിക്കുന്നതിനാണ് ?

(1) അധ്യാപികയെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന്

(2) ഭാഷാവബോധം വികസിക്കുന്നതിന്

(3) സ്വന്തം പ്രവൃത്തി വിലയിരുത്തുന്നതിന്

(4) അവരെ ഒരേ ഘട്ടത്തിൽ ഒരുമിച്ച് കൂടുതൽ വേഗത്തിൽ പ്രവൃത്തി ചെയ്യിക്കുന്നതിന്

**138.** ഭാഷാപഠനത്തിന്റെ അനുബന്ധവായനയ്ക്കായി ഒരു ചെറുകഥാസമാഹാരവും മറ്റ് ആഖ്യാനങ്ങളും നിർദ്ദേശിച്ചിട്ടുണ്ട്. എന്താണ് അനുബന്ധപുസ്തകത്തിന്റെ മുഖ്യലക്ഷ്യം ?

(1) സദാചാരപഠനം പ്രോത്സാഹിപ്പിക്കുന്നതിന്

(2) പരന്നവായന പ്രോത്സാഹിപ്പിക്കുന്നതിന്

(3) ബഹുഭാഷത്വം പ്രോത്സാഹിപ്പിക്കുന്നതിന്

(4) തീക്ഷ്ണവായന പ്രോത്സാഹിപ്പിക്കുന്നതിന്

**139.** ക്ലാസ് V ലെ അധ്യാപിക കഥാരചനയുടെ ഒരു നിയോഗം വിദ്യാർത്ഥികൾക്കു നല്കി. കുട്ടികൾ കഥ രചിക്കുന്നതിനിടെ, അധ്യാപിക ക്ലാസിൽ ചുറ്റിനടന്ന് തെറ്റുവരുത്തുന്നവരെ സഹായിക്കുകയും പുതിയ വാക്കുകളെക്കുറിച്ചു ചോദിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇവിടെ അധ്യാപിക എന്തു വേഷമാണ് അണിഞ്ഞിരിക്കുന്നത് ?

(1) സുഗമമാക്കുന്നയാൾ

(2) കാരണം നിർണ്ണയിക്കുന്നയാൾ

(3) മാനേജർ

(4) ആസൂത്രകൻ

**140.** ഇവയിൽ ഏതാണ് ഭാഷാധ്യാപികയുടെ പ്രാഥമികമായ ഉത്തരവാദിത്വം ?

(1) പഠിതാക്കളെ വിവിധ തരങ്ങളായി തിരിക്കുക.

(2) പഠിതാക്കളെ പഠിപ്പിക്കുക

(3) പഠിതാക്കളുടെ ആശയവിനിമയാവശ്യങ്ങൾ തിരിച്ചറിയുക.

(4) അധ്യാപനത്തിനു വേണ്ട ഉള്ളടക്കം തിരഞ്ഞെടുക്കുക

Prepp
Your Personal Exams Guide

**141.** **ദൃഢീകരണം (A)** : വെറുതെ ഒരു വാക്ക് ഉച്ചരിക്കുന്നതിനേക്കാൾ അധികമാണ് അത് എഴുതുന്നത്.

**കാരണം (R)** : വായന വികോഡനമാണ്.

താഴെക്കൊടുത്തിട്ടുള്ള ഐച്ഛികങ്ങളിൽ നിന്ന് ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

(1) **(A)** ശരി, **(R)** ശരിയല്ല
(2) **(A)** ശരിയല്ല, **(R)** ശരി
(3) **(A)** യും **(R)** യും ശരി, **(A)** യുടെ ശരിയായ വിശദീകരണമാണ് **(R)**
(4) **(A)** യും **(R)** യും ശരി, **(A)** യുടെ ശരിയായ വിശദീകരണമല്ല **(R)**

**142.** താഴെക്കൊടുത്തിട്ടുള്ളവയിൽ ഭാഷാപഠനത്തിലെ തെറ്റായ സങ്കല്പം ഏത് ?

(1) ഭാഷാപഠനത്തിന് ആശയവിനിമയപ്രവർത്തനങ്ങളിൽ നിർബന്ധമായും ശ്രദ്ധ പതിഞ്ഞിരിക്കണം.
(2) പറയുന്നതിനേക്കാൾ എഴുതുന്നതിന് ഭാഷാപഠനം പ്രാധാന്യം നല്കിയിരിക്കണം.
(3) പഠിതാക്കൾ ഭാഷ ആർജ്ജിക്കുന്നത് യഥാർത്ഥ ജീവിതസാഹചര്യങ്ങളിൽ ഉപയോഗിക്കാൻ ശ്രമിക്കുന്നതിലൂടെയാണ്.
(4) പഠിതാക്കളുടെ ഒന്നാംഭാഷ പഠനത്തിൽ ഒരു മുഖ്യപങ്കുവഹിക്കുന്നു.

**143.** താഴെക്കൊടുത്തവയിൽ ഭാഷാസമാർജ്ജനത്തിന്റെ ചേഷ്ടാവാദസിദ്ധാന്തത്തോടു ബന്ധപ്പെടാത്തത് ഏത് ?

(1) തെറ്റിയും തിരുത്തിയും
(2) സാമൂഹികമായ ഇടപെടൽ
(3) പ്രവർത്തനാനുബന്ധസിദ്ധാന്തം
(4) ഒഴിഞ്ഞ പാത്രം

**144.** കുട്ടികളെ നിർബന്ധമായും ഉയർത്തിക്കാട്ടേണ്ടതും മുഴുകിക്കേണ്ടതും :

(1) ചെറുപ്രായം മുതലേ അനവധി വാമൊഴിഭാഷകളിൽ
(2) ചെറുപ്രായം മുതലേ അനവധി എഴുത്തുഭാഷകളിൽ
(3) ചെറുപ്രായം മുതലേ രണ്ടു വാമൊഴിഭാഷകളിൽ
(4) ചെറുപ്രായം മുതലേ രണ്ട് എഴുത്തുഭാഷകളിൽ

**145.** **ദൃഢീകരണം (A) :** ആരംഭസാക്ഷരതയിലെ രചനാരംഭമായി കണക്കാക്കുന്നതാണ് ചിത്രം വരയ്ക്കൽ.

**കാരണം (R) :** ചിത്രങ്ങൾ പ്രതീകങ്ങളാണ്. അവ അർത്ഥം പേറുന്നുമുണ്ട്.

താഴെക്കൊടുത്തിട്ടുള്ള ഐച്ഛികങ്ങളിൽ നിന്ന് ഏറ്റവും അനുയോജ്യമായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.

(1) **(A)** ശരി, **(R)** ശരിയല്ല
(2) **(A)** ശരിയല്ല, **(R)** ശരിയാണ്
(3) **(A)** യും **(R)** യും ശരി, **(A)** യുടെ ശരിയായ വിശദീകരണമാണ് **(R)**
(4) **(A)** യും **(R)** യും ശരി, **(A)** യുടെ ശരിയായ വിശദീകരണമല്ല **(R)**

Prepp
Your Personal Exams Guide

**146.** അധ്യാപിക ഒരു ഭാഷാനിയോഗത്തിൽ വ്യത്യസ്തമായ കഴിവുകളുള്ള വിദ്യാർത്ഥിനികളുടെ ഒരു സംഘത്തെ സൃഷ്ടിക്കുന്നു. ഈ വ്യത്യസ്ത ശേഷീവിഭാഗം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് :

(1) വിദ്യാർത്ഥികളെ പരസ്പരം സഹായിക്കുന്നതു പ്രോത്സാഹിപ്പിക്കാൻ

(2) അധ്യാപികയ്ക്ക് എല്ലാവർക്കും ശ്രദ്ധ നല്കാൻ കഴിയാത്തതുകൊണ്ട്, അവരുടെ ഭാരം പങ്കുവയ്ക്കാൻ

(3) കൂടുതൽ ദുർബ്ബലരായ വിദ്യാർത്ഥികളെ തിരിച്ചറിയാൻ

(4) വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി ആവിഷ്കരിക്കാൻ ഇടം നല്കി അധീശത്വം നേടാൻ

**147.** അവൾ/അവൻ വായിച്ച കഥ സ്വന്തം വാക്കുകൾ ഉപയോഗിച്ചു വീണ്ടും പറയുമ്പോൾ വിലയിരുത്താൻ സഹായകമാകുന്നത് :

(1) ഗ്രഹണം (2) ഓർമ്മശക്തി (3) കൃത്യത (4) അനർഗ്ഗളത

**148. ദൃഢീകരണം (A) :** പഠന - പാഠനപ്രക്രിയയിലെ ഒരു അവിഭാജ്യഭാഗമാണ് പരിഹാരാത്മക ബോധനം.

**കാരണം (R) :** പരിഹാരബോധനം വീണ്ടും പഠിപ്പിക്കുന്നതിനാണ്, ഭാഷാ ഇനങ്ങൾ ശരിയായി പഠിക്കാൻ കഴിയാത്ത അതേരീതിയിൽത്തന്നെ വേണമെന്നില്ല.

താഴെക്കൊടുത്തിട്ടുള്ള ഐച്ഛികങ്ങളിൽ നിന്ന് ഏറ്റവും അനുയോജ്യമായ ഉത്തരം തിരഞ്ഞെടുക്കുക.

(1) **(A)** ശരി, **(R)** ശരിയല്ല

(2) **(A)** ശരിയല്ല, **(R)** ശരി

(3) **(A)** യും **(R)** യും ശരി, **(A)** യുടെ ശരിയായ വിശദീകരണമാണ് **(R)**

(4) **(A)** യും **(R)** യും ശരി, **(A)** യുടെ ശരിയായ വിശദീകരണമല്ല **(R)**

**149.** എന്തു വികസിക്കാനുള്ള ഫലപ്രദമായ തന്ത്രം ആക്കുന്നതാണ് അല്പഭജോടീവിനോദം ?

(1) ഉച്ചാരണം (2) സംഗ്രഹണവായന

(3) വ്യാകരണം (4) പദസമ്പത്ത്

**150.** അടിസ്ഥാനഘട്ടത്തിലെ കുട്ടികൾ ഏറ്റവുമധികം സ്വസ്ഥരായിരിക്കുന്നതും ഏറ്റവും നന്നായി പഠിക്കുന്നതും :

(1) അവരുടെ ഗൃഹഭാഷയിൽ (2) ഇംഗ്ലീഷ്മാധ്യമത്തിൽ

(3) ബോധനമാധ്യമത്തിൽ (4) ഔദ്യോഗികഭാഷയിൽ

- o O o -

SPACE FOR ROUGH WORK

Prepp
Your Personal Exams Guide

**: താഴെത്തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. വിവിധചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടവിധം പരീക്ഷാപുസ്തികയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു വായിച്ചശേഷം ഉത്തരമെഴുതാൻ തുടങ്ങുക.
2. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീലപ്പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. ഉത്തരക്കടലാസ്സ് മടക്കരുത്. അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ മറ്റോ ഇല്ല എന്ന് പരീക്ഷാർത്ഥികൾ ഉറപ്പുവരുത്തുക. നിർദ്ദേശിച്ച ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
4. പരീക്ഷാപുസ്തിക സൂക്ഷിച്ചു കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാപുസ്തികസങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകമൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാപുസ്തികസങ്കേതവും ഉത്തരക്കടലാസ്സ്സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസ് പരിശോധിക്കുന്നത് ഒരു യന്ത്രമായതിനാൽ സൂചനകൾ അപൂർണ്ണമോ അഡ്മിറ്റ് കാർഡിൽ നിന്നു വ്യത്യസ്തമോ ആവരുത്.
7. അഡ്മിറ്റ്കാർഡ് ഒഴിച്ച് അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ കടലാസ്സുകഷ്ണങ്ങളോ പേജറോ മൊബൈൽഫോണോ വൈദ്യുതി ഉപകരണങ്ങളോ മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
8. മൊബൈൽഫോണോ മറ്റു വയർലസ്സംവിധാനങ്ങളോ (സ്വിച്ച് ഓഫ് മോഡിൽപോലും) നിരോധിക്കപ്പെട്ട വസ്തുക്കളോ പരീക്ഷാഹാളിൽ കൊണ്ടുവരരുത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് പരീക്ഷാ ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കി പരിക്ഷാർത്ഥിക്കെതിരെ പരീക്ഷ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററെ അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ/ഇൻവിജിലേറ്ററുടെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടുതവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററെ ഏല്പിക്കുകയും ചെയ്യാതെ പരീക്ഷാർത്ഥി പരീക്ഷാഹാൾ വിടരുത്. രണ്ടാംപ്രാവശ്യം ഹാജർഷീറ്റ് ഒപ്പിടാത്ത കേസുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും ക്രമക്കേടുകാട്ടിയതായും കണക്കാക്കും. **ഹാജർഷീറ്റിൽ പറഞ്ഞിട്ടുള്ളസ്ഥാനത്ത് പരീക്ഷാർത്ഥി തന്റെ ഇടതുകൈയിലെ വിരലടയാളം പതിച്ചിരിക്കേണ്ടതാണ്.**
12. ഇലക്ട്രോണിക്/മാനുഷിക കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. ബോർഡിന്റെ എല്ലാനിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്കു ബാധകമാണ്. എല്ലാവിധക്രമക്കേടുകളിലും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാപുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻപാടില്ല.
15. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററെ ഏല്പിച്ചിരിക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

Prepp
Your Personal Exams Guide

## निम्नलिखित निर्देशों को ध्यान से पढ़ें :

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **नीले/काले बॉल पॉइन्ट पेन** से भरें। एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है।
3. परीक्षार्थी सुनिश्चित करें कि इस OMR उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ। परीक्षार्थी अपना अनुक्रमांक OMR उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें।
4. परीक्षा पुस्तिका एवं OMR उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं OMR उत्तर पत्र के कोड या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी।
5. परीक्षा पुस्तिका/OMR उत्तर पत्र में दिए गए परीक्षा पुस्तिका कोड व संख्या को परीक्षार्थी सही तरीके से उपस्थिति-पत्र में लिखें।
6. OMR उत्तर पत्र में कोडित जानकारी को एक मशीन पढ़ेगी। इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश-पत्र में दी गई सूचना से भिन्न नहीं होनी चाहिए।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-पत्र के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है।
8. मोबाइल फोन, बेतार संचार युक्तियाँ (स्विच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए। इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और परीक्षार्थी के विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें।
11. कार्यरत निरीक्षक को अपना OMR उत्तर पत्र दिए बिना एवं उपस्थिति-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे। यदि किसी परीक्षार्थी ने दूसरी बार उपस्थिति-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने OMR उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा। **परीक्षार्थी अपने बाएँ हाथ के अंगूठे का निशान उपस्थिति-पत्र में दिए गए स्थान पर अवश्य लगाएँ।**
12. इलेक्ट्रॉनिक/हस्तचालित परिकलक का उपयोग वर्जित है।
13. परीक्षा हॉल/कक्ष में आचरण के लिए परीक्षार्थी परीक्षण संस्था के सभी नियमों एवं विनियमों द्वारा नियमित हैं। अनुचित साधनों के सभी मामलों का फैसला परीक्षण संस्था के नियमों एवं विनियमों के अनुसार होगा।
14. किसी भी परिस्थिति में परीक्षा पुस्तिका और OMR उत्तर पत्र का कोई भाग अलग न करें।
15. **परीक्षा सम्पन्न होने पर, परीक्षार्थी हॉल/कक्ष छोड़ने से पूर्व OMR उत्तर पत्र निरीक्षक को अवश्य सौंप दें।** ***परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं।***

## READ THE FOLLOWING INSTRUCTIONS CAREFULLY :

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Blue / Black Ball Point Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the OMR Answer Sheet is not folded. Do not make any stray marks on the OMR Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
4. Handle the Test Booklet and OMR Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and OMR Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet/OMR Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the examination halls/rooms. Failing to comply with this instruction, it will be considered as using unfair means in the examination and action will be taken against the candidate including cancellation of examination.
9. Each candidate must show on demand his/her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his/her seat.
11. The candidates should not leave the Examination Hall/Room without handing over their OMR Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where candidate has not signed the Attendance Sheet second time will be deemed not to have handed over the OMR Answer Sheet and dealt with as an unfair means case. **The candidates are also required to put their left hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic/Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Examining Body with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Examining Body.
14. No part of the Test Booklet and OMR Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the OMR Answer Sheet to the Invigilator in the Hall / Room.** ***The candidates are allowed to take away this Test Booklet with them.***